# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഒക്ടോബർ 5 | ദീപം 56 | നാളം 30 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# സ്ത്രീസ്വത്വങ്ങൾ അടയാളപ്പെടുത്താൻ





മീര കൃഷ്ണൻകുട്ടി

ഒടുവിൽ, അതു നടന്നു. ഭാരതസ്ത്രീകളുടെ ചിരകാലമഹാസ്വപ്നം പൂവണിഞ്ഞു. വനിതാസംവരണബിൽ പാർലമെന്റിൽ പാസായി.

സ്ത്രീശബ്ദങ്ങൾ കേൾപ്പിക്കാൻ,

സ്ത്രീസ്വത്വങ്ങൾ അടയാളപ്പെടുത്താൻ,

ഇനി, പഞ്ചായത്തുതൊട്ടു പരമോന്നത ഭരണസഭകളിൽവരെ സ്ത്രീകൾക്കായി നീക്കിവയ്ക്കപ്പെടുന്നത് 33 ശതമാനത്തോളം വരുന്ന അംഗത്വപദവികൾ!

അവഗണനകളുടെയും അക്രമങ്ങളുടെയും ആക്ഷേപങ്ങളുടെയും ഇരകളാവുന്നവരുടെ ആർത്തനാദങ്ങൾ വേണ്ടരീതിയിൽ പ്രതിധ്വനിപ്പിക്കാൻ, ഏതിനും തക്കതായ പരിഹാരം സാധ്യമാക്കാൻ, സ്ത്രീസൗഹൃദനിയമനിർമാണത്തിൽ മുൻകൈയെടുക്കാൻ, ഏതിനുമിനി, ഉയരുമൊരുപാടു സ്ത്രീമുഴക്കങ്ങൾ, ഏതു ഭരണസഭയിലായാലും!

27 വർഷംമുമ്പ്, 1996 സെപ്റ്റംബറിലായിരുന്നു പാർലമെന്റിൽ ആദ്യമായി വനിതാസംവരണബിൽ അവതരിപ്പിക്കപ്പെട്ടത്. ശ്രീ ദേവഗൗഡയുടെ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു അത്.

തുടർന്ന് പല ഭരണഘട്ടങ്ങളിലുമായി നടന്നിട്ടുള്ള അവതരണശ്രമങ്ങൾക്കൊടുവിൽ, ഇക്കഴിഞ്ഞ സെപ്റ്റംബർ 21 നാണ്, നിയമമന്ത്രിയായ അർജുൻ മേഘ്‌വാളിന്റെ അവതരണത്തോടെ വനിതാസംവരണ ബിൽ പൂർണമായും അംഗീകരിക്കപ്പെടുന്നത്.

ഇതൊരു ചെറിയകാര്യമല്ല! മറിച്ച്, ലിംഗസമത്വത്തിലേക്കുള്ള വലിയൊരു കാൽവയ്പ്പാണിത്. സ്ത്രീനേതൃത്വവികസനത്തിൽ, അവളുടെ കഴിവുകളിൽ, അർപ്പിക്കപ്പെടുന്ന വിശ്വാസത്തിന്റെ അടയാളവുമാണ്!

▸6

# കാനഡയും ഇന്ത്യയും കൊമ്പുകോർക്കുമ്പോൾ

## ലോകനേതാക്കൾ ആശങ്കയിൽ



തോമസ് കുഴിഞ്ഞാലിൽ

ഭൂവിസ്തൃതിയിൽ ലോകത്തു രണ്ടാം സ്ഥാനത്തുള്ള കാനഡയും ഏഴാംസ്ഥാനത്തുള്ള ഇന്ത്യയും നിരോധിതതീവ്രവാദസംഘടനയായ ഖലിസ്ഥാൻ ടൈഗർ ഫോഴ്സിന്റെ (കെ ടി എഫ്) കാനഡയിലെ തലവനായ ഹർദീപ് സിങ് നിജ്ജാറിന്റെ വധവുമായി ബന്ധപ്പെട്ട വിഷയത്തിൽ കൊമ്പുകോർത്തിരിക്കുന്നു.

ഇക്കഴിഞ്ഞ ജൂൺ 18-ാം തീയതിയാണ് കനേഡിയൻ പൗരത്വമുള്ള നാല്പത്തഞ്ചുകാരനായ നിജ്ജാർ യു എസ് - കാനഡ അതിർത്തിസംസ്ഥാനമായ ബ്രിട്ടീഷ് കൊളംബിയയിലെ വാൻകൂവർ നഗരപ്രാന്തത്തിലുള്ള സർറേ പട്ടണത്തിലെ ഗുരുദ്വാരയ്ക്കുപുറത്ത് വാഹനത്തിലിരിക്കുമ്പോൾ മാസ്ക് ധരിച്ചെത്തിയ അജ്ഞാതരായ രണ്ടുപേരുടെ വെടിയേറ്റു മരിച്ചത്. സർറേയിലെ ഗുരുദ്വാരയുടെ മാനേജിങ് കമ്മിറ്റി പ്രസിഡന്റുകൂടിയായിരുന്നു നിജ്ജാർ. സിഖ് ജനതയ്ക്കുവേണ്ടി ഒരു സ്വതന്ത്ര രാജ്യം രൂപീകരിക്കണമെന്നു വാദിക്കുന്നവരുടെ നേതാവായിരുന്ന അയാൾ 2007 ലാണ് കനേഡിയൻ പൗരത്വം സ്വീകരിച്ചത്. പഞ്ചാബിലെ ജലന്തറിൽ ജനിച്ചുവളർന്ന് പ്ളംബറായി ജോലി ചെയ്തുവരവേ 1997 ൽ കാനഡയിലേക്കു കുടിയേറിയ വ്യക്തിയാണ്. 2007 ൽ പഞ്ചാബിലെ ഒരു സിനിമാതിയേറ്ററിലുണ്ടായ ബോംബാക്രമണക്കേസിൽ കുറ്റാരോപിതനായതോടെയാണ് ഒരു തീവ്രവാദിയായി നിജ്ജാർ മുദ്ര കുത്തപ്പെട്ടത്. തിയേറ്ററിലെ ബോംബ് സ്ഫോടനത്തിൽ ആറുപേർക്കു ജീവൻ നഷ്ടമാകുകയും 40 പേർക്കു സാരമായ പരിക്കേൽക്കുകയും ചെയ്തിരുന്നു. നിജ്ജാർ ആസൂത്രണം ചെയ്ത രണ്ടാമത്തെ ആക്രമണം 2009 ലായിരുന്നു. 2021ൽ ജലന്തറിലെ ഒരു ഹിന്ദുപുരോഹിതൻ കൊല്ലപ്പെട്ട സംഭവത്തിനുപിന്നിൽ നിജ്ജാർ നേതൃത്വം കൊടുക്കുന്ന ഖലിസ്ഥാൻ ടൈഗർ ഫോഴ്സാണെന്നു തെളിഞ്ഞതോടെയാണു സംഘടനയെ ഇന്ത്യയിൽ നിരോധിക്കുകയും നിജ്ജാറിന്റെ തലയ്ക്കു പത്തുലക്ഷം രൂപ വിലയിടുകയും ചെയ്തത്. പാക്കിസ്ഥാനിൽ സ്ഫോടകവസ്തുപരിശീലനം നേടിയിട്ടുള്ള നിജ്ജാർ, കാനഡയിൽ തീവ്രവാദസംഘം വളർത്തി പഞ്ചാബിലും ഹരിയാനയിലും ഭീകരാക്രമണങ്ങൾക്കു പദ്ധതിയിട്ടിരുന്നതായും കാനഡയിലുള്ള ഇന്ത്യൻ രഹസ്യാന്വേഷണവിഭാഗം കണ്ടെത്തിയിരുന്നു.



▸12

# വനിതാസംവരണബിൽ ഫ്രീസറിൽ വയ്ക്കരുത്


ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

വനിതകൾക്കു പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം സംവരണം ഉറപ്പാക്കുന്ന വനിതാസംവരണബിൽ ലോകസഭയിലും രാജ്യസഭയിലും പാസാക്കപ്പെട്ടു. 454 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ലോകസഭയിൽ ബില്ല് പാസാക്കിയത്. രണ്ട് എതിർ വോട്ടുകൾമാത്രമാണുണ്ടായത്. ഇനി അതു നിയമമായി നടപ്പിലാക്കണം. അതിനു രണ്ടു കടമ്പകൾകൂടി കടക്കണം. ആദ്യത്തേത് പകുതിയിലധികം നിയമസഭകളിൽ അതു പാസാക്കുക എന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ അതിനു ബുദ്ധിമുട്ടുണ്ടാവുകയില്ല. രാഷ്ട്രപതി ഒപ്പുവച്ച് വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണു രണ്ടാമത്തെ കാര്യം. അതിനും തടസ്സമോ താമസമോ ഉണ്ടാകേണ്ടതില്ല. ഇതെല്ലാം സാധ്യമായാലും ബില്ല് നിർദേശിക്കുംപ്രകാരം എന്നാണ് 33 ശതമാനം വനിതകൾ നിയമനിർമാണസഭകളിലെത്തുകയെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ഇച്ഛാശക്തിയെമാത്രം ആശ്രയിക്കുന്ന വിഷയമാണ്.

വനിതാസംവരണനിയമം എന്നു നടപ്പാക്കുമെന്നു ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. അതിനു സെൻസസ് പൂർത്തിയാക്കണമെന്നും മണ്ഡലപുനർനിർണയം വേണ്ടിവരുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുമുണ്ട്. ഈ കാര്യങ്ങൾ എന്നു നടക്കുമെന്ന യാതൊരു സൂചനയുമില്ല. 2021 ൽ പൂർത്തിയാകേണ്ടിയിരുന്ന സെൻസസ് പൂർത്തിയായിട്ടില്ല. ഇനി കൊവിഡിനെ പഴിചാരി കേന്ദ്രസർക്കാരിനു രക്ഷപ്പെടാനാവില്ല. മണ്ഡലപുനർനിർണയത്തിനും സമയം വേണം. ഇതു രണ്ടുംകൂടി കേന്ദ്രസർക്കാരിനു താത്പര്യമുണ്ടെങ്കിൽ ഒരു വർഷത്തിനിടയിൽ പൂർത്തിയാക്കാൻ കഴിയും. ഒറ്റരാത്രിയിൽ നോട്ടുനിരോധനം നടപ്പിലാക്കിയ കേന്ദ്രസർക്കാരിനു വേണമെങ്കിൽ 2024 ലെ പൊതുതിരഞ്ഞെടുപ്പിനു മുമ്പുതന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. അത്രത്തോളം സംവിധാനങ്ങളും ഉദ്യോഗസ്ഥരും നമ്മുടെ രാജ്യത്തുണ്ട്.

പലരും സംശയിക്കുന്നത് രാഷ്ട്രീയനേതൃത്വത്തിന്റെ താത്പര്യക്കുറവും സർക്കാരിന്റെ മെല്ലെപ്പോക്കും ഉദ്യോഗസ്ഥതലത്തിലെ ചുവപ്പുനാടയുംമൂലം വനിതകൾ നിയമനിർമാണസഭകളിലെത്താൻ വൈകുമെന്നാണ്. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് പുതിയ പാർലമെന്റിലെ ആദ്യത്തെ ബില്ലായി ഇത് അവതരിപ്പിച്ചത് എന്ന ചോദ്യമുണ്ടാകും. 2024 ലെ പൊതുതിരഞ്ഞെടുപ്പു മുന്നിൽക്കണ്ട് സ്ത്രീവോട്ടർമാരുടെ പിന്തുണ ഉറപ്പാക്കാനുള്ള രാഷ്ട്രീയതന്ത്രമാണോ ഇത്? അതോ, സ്ത്രീപുരുഷ തുല്യതയ്ക്കുവേണ്ടിയുള്ള ബിജെപി സർക്കാരിന്റെ ആത്മാർഥമായ ശ്രമമാണോ? കോൺഗ്രസും ദേവഗൗഡ സർക്കാരും ശ്രമിച്ചിട്ടും സാധിക്കാത്ത ഒരു കാര്യം യാഥാർഥ്യമാക്കാൻ സാധിച്ച ബിജെപി സർക്കാരിന് അഭിമാനിക്കാം. പ്രതിപക്ഷത്തുനിന്നുപോലും പിന്തുണ ലഭിച്ച സ്ഥിതിക്ക് ബില്ലു നിയമമാക്കി നടപ്പിലാക്കാനുള്ള തടസ്സങ്ങൾ ഭരണഘടനാ ഭേദഗതിയിലൂടെ സാധ്യമാക്കാൻ കേന്ദ്രസർക്കാരിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.

വനിതാസംവരണബില്ലിന്റെ അവകാശവാദം പലരും ഉന്നയിക്കുന്നുണ്ട്. 1996 ൽ ദേവഗൗഡ സർക്കാരിന്റെ കാലത്ത് സെപ്റ്റംബർ പന്ത്രണ്ടിനാണ് വനിതാസംവരണബിൽ ആദ്യമായി ലോകസഭയിൽ പരിഗണിച്ചത്. തുടർന്ന് 1998, 1999, 2002, 2003 എന്നീ വർഷങ്ങളിലും ബില്ല് കൊണ്ടുവന്നെങ്കിലും പാസ്സായില്ല. 2010 മാർച്ച് ഒമ്പതിന് ബിൽ രാജ്യസഭയിൽ പാസ്സാക്കി. എന്നാൽ, സമാജ്‌വാദിപാർട്ടിയുടെയും ആർജെഡിയുടെയും എതിർപ്പുമൂലം ലോകസഭയിൽ ബില്ല് പാസാക്കാനായില്ല. ദളിത് പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ അടിത്തറയുള്ള പാർട്ടികളാണിവ രണ്ടും. ഈ പാർട്ടികളുടെ എതിർപ്പുമാത്രമല്ല വനിതാസംവരണം നീണ്ടുപോകാൻ കാരണം. എല്ലാ പാർട്ടികളിലെയും പുരുഷമേധാവിത്വവും ഇതിനു കാരണമാണ്. അധികാരമോഹികളും മണ്ഡലങ്ങൾ കുത്തകയാക്കിവച്ചിട്ടുള്ളവരുമായ പുരുഷന്മാർക്കു നെഞ്ചിനു വേദന ഉറപ്പാണ്. വനിതാ സംവരണബിൽ നടപ്പിലാകുമ്പോൾ ഉമ്മൻ ചാണ്ടിസാറിനെപ്പോലെയോ കെ.എം. മാണിസാറിനെപ്പോലെയോ ഇനിയൊരിക്കലും ഒരു നേതാവിനും തുടർച്ചയായി അരനൂറ്റാണ്ട് ഒരു മണ്ഡലത്തിൽനിന്നു ജയിക്കാനാവുകയില്ല. കേരളത്തിൽനിന്ന് 40 വനിതകൾ നിയമസഭയിലും ആറു വനിതകൾ പാർലമെന്റിലും എത്തും. സ്ത്രീപുരുഷതുല്യത പ്രസംഗിക്കുന്ന ഇന്ത്യയിൽ ഇപ്പോൾ പാർലമെന്റിൽ 15 ശതമാനം സ്ത്രീകളും നിയമസഭകളിൽ 10 ശതമാനം സ്ത്രീകളുമാണുള്ളത്. രാജ്യത്ത് ആകെ 95 കോടി സമ്മതിദായകരുണ്ട്. അവരിൽ പകുതി സ്ത്രീകളാണ്.



മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ ഇന്ത്യയിൽ വനിതാപ്രാതിനിധ്യം നന്നേ കുറവാണ്. ആഗോളശരാശരി 26 ശതമാനമത്രേ. ഇന്ത്യയിൽ 15 ശതമാനംമാത്രം. 185 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 141 ആണ്. പാക്കിസ്ഥാൻ സ്ത്രീപ്രാതിനിധ്യം 17 ശതമാനവും ബംഗ്ലാദേശിൽ 21 ശതമാനവുമുണ്ട്. സാക്ഷരനാടെന്ന് അഭിമാനിക്കുന്ന കേരളത്തിൽ വനിതാപ്രാതിനിധ്യം 7.86 ശതമാനം മാത്രമാണെന്നറിയുമ്പോൾ കേരളീയരുടെ സ്ത്രീവിരുദ്ധതയുടെ തോതു വ്യക്തമാകും. അതുകൊണ്ട്, വനിതാസംവരണനയവും നിയമവും ആരുടെയും ഔദാര്യമല്ല, സ്ത്രീകളുടെ അവകാശമാണ്. മരിക്കുന്നതുവരെ എം.എൽ.എ. ആയിരിക്കണമെന്ന ചിലരുടെ മോഹങ്ങളാണു പൊലിയാൻ പോകുന്നത്. അവരെ ഓർത്തു വിലപിക്കുന്നതിനേക്കാൾ ഗുണകരം നാടു നന്നാകുന്നതിനെക്കുറിച്ചോർത്ത് ആഹ്ലാദിക്കുന്നതാണ്. ■

# ബോധശലഭങ്ങൾ

കഥ

■ ഡോ. മായാ ഗോപിനാഥ്



മഞ്ഞയിലകൾ അടർന്നു വീണുകിടന്ന ഒരു വയസ്സൻപ്ലാവിന്റെ ചുവട്ടിൽ വണ്ടി പാർക്ക് ചെയ്ത് വേണു പുറത്തിറങ്ങി പിന്നിലെ ഡോർ തുറന്നു.

നിശ്ശബ്ദയായി സീറ്റിൽ ചാരിയിരുന്ന അമ്മയെ കൈപിടിച്ചിറക്കിയപ്പോൾത്തന്നെ മിരാൻഡ ഓടിവന്നു. ഒരു കെയർ ടേക്കറിന്റെ സ്വാഭാവികമായ ശുഷ്കാന്തിയോടെ അമ്മയെ ചേർത്തുപിടിച്ചു മുന്നോട്ടു നടന്നു.

ഓഫീസിലെ നടപടികളൊക്കെ നേരത്തേ ചെയ്തിരുന്നതിനാൽ അമ്മയെ അവർ നേരേ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

നടുത്തളത്തിൽ പഴമയുടെ മുഖമുദ്രയായി ഒരു ആട്ടുകട്ടിലും ദിവാൻകോട്ടും വല്ലാത്തൊരു നിശ്ചലത പേറി വെറുതെ കിടന്നു.

അമ്മയ്ക്കു പിന്നാലെ നടക്കുമ്പോൾ ഡോക്ടർ വേണുവിന്റെ കാലുകൾ വല്ലാതെ കഴച്ചു. അമ്മയെപ്പോലെ അയാളുടെ ഓർമകൾ ചിതലരിക്കാത്തതിനാൽ നെഞ്ചിൽ പലതും ഒരു ചൂണ്ടയിലെന്നവണ്ണം കൊരുത്തു കിടന്നു വേദനിച്ചു.

മുറിയിൽ ഇരുളും വെളിച്ചവും ഇടകലർന്നു കിടന്നിരുന്നു.

ദേഷ്യമോ വിഷാദമോ സംശയമോ ഏതുമില്ലാതെ അമ്മയുടെ മുഖം ശാന്തമായിരുന്നു.

അമ്മ പെട്ടെന്ന് മേശമേലിരുന്ന താക്കോലെടുത്തു തിരിച്ചും മറിച്ചും നോക്കി. പിന്നെ പൊയ്പ്പോയ ഓർമകളുടെ പൂട്ട് തുറക്കാനെന്നവണ്ണം വലത്തെ കൈകൊണ്ട് അതെടുത്ത് ഇടത്തെ കൈയുടെ മധ്യത്തിലിട്ടു തിരിച്ചു.

ചലനശേഷി നശിച്ചിട്ടില്ലെങ്കിലും, ഒന്നും ചെയ്യേണ്ടതെങ്ങനെയെന്നറിയാത്ത ഒരു മറവി. ശുചിമുറിയിൽ കയറിയാൽപോലും എന്തിനെന്നു മറന്നുപോകും.

കണ്ണുനനയ്ക്കുന്ന അതികഠിനമായ മറവി അമ്മയെ ബാധിച്ചിട്ടു മൂന്നാലു കൊല്ലമായി.

വീട്ടിൽ ഭാര്യയുടെ അവഗണയ്ക്കും നിരാർദ്രതയ്ക്കും മുന്നിൽ ബോധശലഭങ്ങൾ പറന്നകന്ന അമ്മ ഒരർഥത്തിൽ നരകിക്കുകയായിരുന്നു.

അൽഷിമേഴ്സിന്റെ ജനറ്റിക് സാധ്യതകൾ ഭാര്യയെ ചകിതയാക്കി. അവൾ അമ്മയെ ഒരു ദുർഭൂതം കണക്കെ വെറുത്തുതുടങ്ങിയിരുന്നു.

അൻപതാണ്ട് അച്ഛനോടൊപ്പം ജീവിച്ച വീട്ടിൽ കിടന്ന് ഓർമയുടെ കാന്തിയോടെ മുക്തി നേടാൻ വിശ്വേശ്വരൻ അമ്മയ്ക്കു യോഗം നൽകിയില്ല.

മിരാൻഡയുടെ കെയർ ഹോമിലേക്ക് അമ്മയെ കൊണ്ടുവന്നത് അമ്മയുടെ ശിഷ്ടജീവിതത്തിൽ അല്പം ശാന്തി തേടിയാണ്.

അമ്മയുടെ കൈയിലെ താക്കോൽ വാങ്ങി മേശമേൽ വച്ച് അമ്മയെ തലയണ ഉയർത്തിവച്ച് അതിലേക്കു ചാരിയിരുത്തി മിരാൻഡ.

''ഇനി വേറേ പേപ്പേഴ്സ് ഒന്നും ചെയ്യാനില്ല. ഇൻ കേസ് ഓഫ് എനി എമർജൻസി, ഐ ഷാൽ കോൺടാക്ട് യു.''

പൊക്കിൾക്കൊടിഭാഗത്ത് ഒരു വിങ്ങൽ അറ്റുവീണ് ചോര ചിന്തി.

അമ്മയുടെ നെറുകയിൽ ഒരുമ്മ നല്കി പുറത്തേക്കിറങ്ങുമ്പോൾ മിരാൻഡ അമ്മയുടെ കൈകൾ ചേർത്തുപിടിച്ചിരുന്നു.

വാതിൽക്കൽ എത്തിയപ്പോഴാണ് സപ്തനാഡിയും തളരും പോലെ അമ്മ ശബ്ദിച്ചത്:

"നീ വല്ലതും കഴിച്ചോ?"

ഏതു സ്മൃതിഭ്രംശത്തിനിടയിലും അമ്മമനസ്സിലെ സൂക്ഷ്മതന്തുക്കളിൽ നെയ്തുവച്ച ചോദ്യം.

മകന്റെ പേരുപോലും മറന്ന മസ്തിഷ്കത്തിന്റെ ഏത് അറയിലായിരിക്കും ഈ ചോദ്യം അമ്മ ഒളിപ്പിച്ചുവച്ചിരിക്കുക?

സ്തംഭിച്ചുപോയ ഒരു നിമിഷത്തിനപ്പുറം മിരാൻഡയോടു ക്ഷമ പറഞ്ഞ് അന്ധനും ബധിരനും മൂകനുമായി വേണു പടിയിറങ്ങുമ്പോൾ കാറ്റിന്റെ കൊമ്പിൽ നിന്ന് കുറെയേറെ ഓർമയിലകൾ ചിതറിച്ചു താഴെയിട്ട വയസ്സൻ പ്ലാവിൽ അച്ഛന്റെ ഛായയുള്ള നരച്ച ഒരു കാക്കമാത്രം ഒറ്റയ്ക്കിരുന്നു.

മറവിയിലാണ്ട പ്രിയപ്പെട്ടവരെ സ്നേഹത്തൂവലുകളാൽ തഴുകാൻ മറക്കല്ലേ.

■

# സ്ത്രീസ്വത്വങ്ങൾ അടയാളപ്പെടുത്താൻ

*ഒന്നാം പേജ് തുടർച്ച*

ചരിത്രപ്രധാനമായ ഈയൊരു സംഭവം പുതിയ പാർലമെന്റിലെ ആദ്യത്തെ നിയമനിർമ്മാണം എന്ന നിലയിലും ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. എന്നാൽ, താത്ത്വികമായി, 454 വോട്ടർമാരുടെ പൂർണമനസ്സോടെ അംഗീകരിക്കപ്പെട്ടതെങ്കിലും, പ്രായോഗികമായ സാക്ഷാത്കാരത്തിന്, ഏതാനും സംവത്സരങ്ങൾകൂടി കാത്തിരിക്കണമെന്നുള്ളതു വസ്തുതയാണ്.



അതേസമയം, സ്ത്രീയെ അവൾ അർഹിക്കുന്ന രീതിയിൽ, അംഗീകരിക്കണം, ആഘോഷിക്കണം, ആചരിക്കണം എന്നുള്ള അവബോധം സമൂഹത്തിൽ പടർത്താൻ, ഇതൊരു കെടാച്ചൂട്ടാവാകുകതന്നെ ചെയ്യും.

പൊതുവേദികളിലും പലതരത്തിലുമുള്ള സംഘടനകളുടെ അരങ്ങുകളിലും വിളക്കൊരുക്കാനും ഏറിയാൽ ഒരു തിരിയോ മറ്റോ കൊളുത്താനും അതിഥികളെ താലപ്പൊലിയുമായി സ്വീകരിക്കാനും മാത്രമായി, സ്ത്രീകളെ ഉപയോഗിക്കുന്ന രീതി പലപ്പോഴും, പതിവുകാഴ്ചയാകാറുണ്ട്.

അരങ്ങിലെ കസേരകളിൽ, ആൺപ്രജകൾ മാത്രമായിരിക്കും ആസനസ്ഥരായിരിക്കുക. ഒരു സ്ത്രീയെയെങ്കിലും അവിടെ കാണാറായാൽ അതു മഹാഭാഗ്യം!

കാര്യങ്ങൾ പറയാനും വിഷയാധിഷ്ഠിതമായ വാക്കുകൾ സംസാരിക്കാനും, പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാനും, കഴിവുള്ള സ്ത്രീകളെപ്പോലും, ഒപ്പം ഇരുത്താനുള്ള ആർജവം കാട്ടുന്ന ആൺപ്രജകൾ, ഇന്നും ചുരുക്കമാണ്.

ഇത്തരുണത്തിൽ, വനിതാ സംവരണനിയമം, സമൂഹമനസ്സിൽ തീർച്ചയായും ചില ശുഭചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാവും. പുതിയ കാഴ്ചപ്പാടുകൾക്കു വഴിയൊരുക്കാനും അതു നിമിത്തമാകും.

എന്നാൽ, സംവരണം സാർഥകമാകുന്നതും അതൊരു മുഴുവിജയമാകുന്നതും തീർച്ചയായും അതെത്രത്തോളം ഫലവത്തായി, കൈകാര്യം ചെയ്യപ്പെടുന്നു എന്നുള്ളതിനെക്കൂടി ആശ്രയിച്ചിരിക്കുന്നു.

പുരുഷമേധാവിത്വത്തിന്റെ, അഥവാ അവരുടെ സ്വാർഥ താത്പര്യങ്ങളുടെ പ്രകാശനത്തിനുമാത്രമായി ഒരുക്കപ്പെടുന്ന പാവകളാകരുത് സ്ത്രീകൾ! എങ്കിൽ വഞ്ചി തിരുനക്കരത്തന്നെയാകും നില്പ്!

പല അഴിമതിക്കേസുകളിലും കുടുങ്ങുന്ന ഭരണാധികാരികൾ, അവരുടെ ഒഴിയുന്ന കസേരകളിൽ സ്വന്തം കുടുംബത്തിലെ സ്ത്രീകളെ ഇരുത്തിക്കൊണ്ടു തങ്ങളുടെ ഇച്ഛകൾക്കും ആവശ്യങ്ങൾക്കുമനുസരിച്ചു കാര്യങ്ങൾ സാധിച്ചെടുക്കുന്നതു, നമ്മൾ കാണാത്ത കാര്യമല്ല!

അധികാരമെന്നത് അവശരായ സ്ത്രീകൾക്കുവേണ്ടി, നാടിന്റെ പൊതുക്ഷേമത്തിനുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതായ ഒരു മഹാകർത്തവ്യംകൂടിയാണെന്നത്, തിരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകൾ ഒരിക്കലും മറന്നുകൂടാ!

തീർച്ചയായും, ഒരു വീട് അഥവാ കുടുംബം, നേരാംവണ്ണം കൊണ്ടുനടത്താനാവുന്ന സ്ത്രീയെ സംബന്ധിച്ചിടത്തോളം, നാടിനെ വീടായും, പൗരരെ മക്കളായും കണ്ട്, കാര്യനിർവഹണം മികവോടെ ഏറ്റെടുക്കാനാകും.

സ്ത്രീശക്തീകരണത്തിന്റെ വഴി മലർക്കെ തുറന്നിട്ടുകൊടുക്കുന്ന വനിതാസംവരണനിയമം, സ്ത്രീക്കു സാധിക്കാവുന്ന കാര്യങ്ങൾക്കു പരിമിതികളില്ലെന്നതു പറയാതെ പറയുമ്പോഴും, എന്തും പൊതുനന്മയ്ക്കു വേണ്ടിയുള്ളതാവണമെന്നുകൂടി സാമാജികർ നിഷ്കർഷിക്കണം!

ഇന്ദിരാഗാന്ധിയും പ്രതിഭ പട്ടേലും, ദ്രൗപദി മുർമുവും, എന്നപോലെ, ഇനിയും പല സ്ത്രീനാമങ്ങളും ഭരണനേതൃസ്ഥാനീയരായി, ലോകത്തെ കേൾപ്പിക്കേണ്ട ശബ്ദങ്ങളായി, ലോകമറിയുന്നവരായി, നമുക്കിടയിലുണ്ടാകട്ടെ! ■

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# തിരിയെ

**തെ**റ്റുകൾ ആദ്യം കടന്നുകൂടുന്നത് സംസാരഭാഷയിലാണ്. അവിടെ ഉറച്ചുകഴിഞ്ഞാൽപ്പിന്നെ സാവധാനം അവ വരമൊഴിയിലേക്കു കടക്കും. പിന്നെ തിരുത്തുക എളുപ്പമല്ല. തിരുത്താൻ പറ്റാത്തവിധം ഉറച്ചുപോയ ഒരു സ്ഖലിതരൂപമാണ് 'തിരികെ' എന്നത്. തിരിയെ എന്നതിന്റെ രൂപഭേദമോ ദുഷിച്ച രൂപമോ ആണ് 'തിരികെ.' ഇക്കാര്യം വൈയാകരണന്മാർ ഉറക്കെ വിളിച്ചുപറഞ്ഞിട്ടും 'തിരികെ' ശരിയെന്ന മട്ടിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു.

തിരി + എ ആണ് തിരിയെ എന്നാകുന്നത്. പൂർവപദാന്തമായ ഇകാരം താലവ്യസ്വരമായതിനാൽ യകാരം ആഗമിച്ചു എന്നു കരുതാം. തിരിയെ എന്ന തൻവിനയെച്ചത്തിന് വീണ്ടും, ആവർത്തിച്ച്, തിരിച്ച് (repeatedly, again, back) എന്നെല്ലാമാണർഥം. തിരിയെ വരുക, തിരിയെ പോവുക, തിരിയെ കൊടുക്കുക, തിരിയെ പറയുക എന്നിങ്ങനെ 'തിരിയെ'യുടെ പ്രയോഗപാഠങ്ങൾ കണ്ടെത്താം.

"തിരി - എന്ന ധാതുവാണ് തിരിയെ എന്നതിന്റെ ഉറവിടം. നോക്കുക: മുറി → മുറിയെ, ചെരി → ചെരിയെ. മുറുകെ, ഇറുകെ മുതലായവ മൂലമുള്ള സാദൃശ്യഭ്രമത്തിൽനിന്നാവാം 'തിരികെ' യുടെ പിറവി. എന്നാൽ, അവ മുറയ്ക്ക് മുറുക് - ഇറുക് - എന്നീ ധാതുക്കളിൽനിന്നു വന്നവയാണ്. തിരിയിൽ ക കാരമില്ലല്ലോ."* "തിരി- ധാതു. തിരിക്കുന്നു, തിരിച്ചു, തിരിക്കും എന്നു ക്രിയാരൂപങ്ങൾ. തിരിച്ചുപോയി, തിരിയെപ്പോയി എന്നെല്ലാം പ്രയോഗം"** എന്നു പി. ദാമോദരൻ തിരിയെ എന്ന ശരിപക്ഷത്തിൽ ഉറച്ചുനിൽക്കുന്നു.

"പാതിപ്പെട്ടും ഭവച്ചങ്ങല വലയിലകപ്പെട്ടു കാലാലയത്തിൻ/ വാതില്ക്കൽപോയി മുട്ടിത്തിരിയെ വരുമൊരെൻ ജീവിതം ഭാരഭൂതം"*** എന്ന് 'ഒരു വിലാപത്തി'ലും ചരിതാർഥതയാർന്ന ദേഹിയിൽ/ തിരിയെ ശ്ശോഭനമല്ല ജീവിതം''**** എന്നു ചിന്താവിഷ്ടയായ സീതയിലുംനിന്ന് തിരിയെ മാത്രമാണ് ശരിയെന്നു വ്യക്തമാകുന്നു.

* പ്രബോധചന്ദ്രൻനായർ, വി. ആർ., എഴുത്തു നന്നാവാൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം - 71.
** ദാമോദരൻനായർ, പി. അപശബ്ദബോധിനി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം - 269.
*** ബാലകൃഷ്ണപ്പണിക്കർ, ബി.സി. ഒരു വിലാപം, വിദ്യാർഥിമിത്രം ബുക്ക് ഡിപ്പോ, കോട്ടയം, 1998, പുറം - 40.
**** കുമാരനാശാൻ, ചിന്താവിഷ്ടയായ സീത, (വ്യാഖ്യാനം), ബുക്ക് മീഡിയ, 2017, പുറം - 188.



കവിത / കാഞ്ചിയാർ മോഹനൻ

## മണ്ണ്

മണ്ണുവേണം, ജലം വേണം
വായു വേണം നാളെയും
വിണ്ണുപെയ്യാൻ നമുക്കൊത്തിരി
മലകളും വേണം

മരം വേണം മരുപ്പച്ചത്തണൽവേണം
ഭൂമികയ്ക്കൊരു ഉടൽവേണം
ഉടയാത്തൊരു രൂപവും വേണം

പുഴകൾ വേണം, നദികൾ വേണം
പുഞ്ചപ്പാടങ്ങൾ വേണം
വസന്തങ്ങൾ പൂവുകൾതൻ
പൂമണം വേണം

കിളികൾ വേണം, തളിരുവേണം
കുയിലുകൾ തൻ ഗാഥവേണം
മരംകൊത്തികൾ താളമിട്ടൊരു
പാട്ടുകേൾക്കണം

ഇലകൾ വേണം, കായ്കൾ വേണം
ഇലത്താളം കൂടെ വേണം
കിളികളാരവമിട്ടു വാനിൽ
ഒഴുകിനീങ്ങേണം

പുലരി വേണം രാവു വേണം
രാക്കിളിതൻ പാട്ടുവേണം
പനംപട്ടകൾ കാറ്റിലാടി
രസിച്ചുനിൽക്കേണം

വയലുകൾ വേണം വലരി വേണം
വയൽക്കരെ, തഴുതാമ വേണം
ഞാറുവാലിപ്പക്ഷികൾതൻ
കാഹളം വേണം

തോട് വേണം കുളം വേണം
തോട്ടിലൊത്തിരി പരലുവേണം
കാട്ടരുവികൾ പാട്ടുപാടി
ഒഴുകിയെത്തേണം

തണലുവേണം, കുളിരുവേണം
താമരപ്പൂങ്കുളം വേണം
മലകളിൽനിന്നൊഴുകിയെത്തും
അരുവിയും വേണം

കാടുവേണം നാടുവേണം
കരകളിൽക്കായ്ഫലം വേണം
കാട്ടുചോലകൾ നാട്ടിലെത്തി
കുളിർ നിറയ്ക്കേണം
ഇനി വരുന്നൊരു തലമുറയ്ക്കായ്
ജലം വേണം, വായു വേണം
നാട്ടിലൊത്തിരി മരം വച്ചി-
ട്ടാവി തീർക്കേണം

അമ്മയാണിത് - നന്മയാണ്
പ്രകൃതിയെന്ന മഹാദ്ഭുതം
അമ്മ വാഴുക, നന്മ വാഴുക

മിനിക്കഥ / ഉണ്ണി വാരിയത്ത്

## എന്തിനീ പിരിമുറുക്കം?

എടോ, ജീവിതത്തെ ഇത്രത്തോളം ഗൗരവത്തോടെ കാണണോ? തമാശയായി കാണണമെന്നല്ല. എങ്കിലും, കുറച്ച് ലാഘവത്തോടെ ആകാമല്ലോ. കാരണം, എന്തായാലും ജീവിതത്തിൽനിന്നു ജീവനോടെ രക്ഷപ്പെടാൻ ആർക്കും കഴിയില്ല. പിന്നെന്തിന് പിരിമുറുക്കം?

അതുകൊണ്ട്, ജീവിതം ആവോളം ആസ്വദിക്കുക. ജീവിതം ഒന്നേയുള്ളൂ എന്ന് ഓർക്കുക.

ഇത് ഞാൻ ആദ്യം പറഞ്ഞത് എന്നോട്. ഇപ്പോൾ നിന്നോട്. ഇനി നീ ഇത് മറ്റുള്ളവരോടു പറഞ്ഞുപോവുക.

നോവൽ 15

തേക്കിൻകാട് ജോസഫ്




**ഡ്രൈ**വർ മത്തായി വരുന്നതും കാത്ത് ഇയ്യോബ് ഒരുങ്ങിനിന്നു. അയാൾ വന്നപാടേ സഖറിയാ തര്യൻ പറഞ്ഞു:

“മത്തായി നമ്മടെ കാറുമായി ഇയ്യോബിനൊപ്പം ചെല്ല്. ചെലപ്പോ കുട്ടിക്കാനത്തിനും പോകേണ്ടിവന്നേക്കാം. ഇയ്യോബ് കുട്ടിക്കാനത്തുനിന്നൊരു കാറു വാങ്ങുന്നു. നിയ്യ് അതൊന്ന് ഓടിച്ചുനോക്കിയിട്ട് അഭിപ്രായം പറയ് കേട്ടോ.”

ഇയ്യോബ് കാറിൽ പുറപ്പെടുമ്പോൾ സഖറിയാ തര്യനും പ്ലമേനാമ്മയും താണ്ടമ്മയും കൈവീശി. താണ്ടമ്മയുടെ കണ്ണുകൾ നിറഞ്ഞുവോ? അയാൾക്കു സന്ദേഹമായി. ദുർബലമാനസരല്ലേ സ്ത്രീകൾ? അയാൾ തന്റെ മനസ്സിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

യാത്രയ്ക്കിടയിൽ ഇയ്യോബിനു മയങ്ങാൻ കഴിഞ്ഞില്ല. പലവിധ ചിന്തകളാൽ അയാളുടെ മനസ്സ് കലുഷിതമായിരുന്നു. ഉച്ചയ്ക്കുമുമ്പേ ഇയ്യോബ് വീട്ടിലെത്തി.

‘‘അമ്മേ! ചോറു വിളമ്പ്. ഞങ്ങൾക്ക് ജോൺ വക്കീലിനെ കാണാൻ പോകണം. അതുകഴിഞ്ഞ് കുട്ടിക്കാനത്തിന്. കാറ് വില പറഞ്ഞുറപ്പിക്കണം.’

ആണ്ടമ്മ അതിനു പ്രതികരിക്കാതെ മറ്റൊന്നാണ് അന്വേഷിച്ചത്:

“താണ്ടമ്മമോൾക്കു വിശേഷമൊന്നുമില്ലല്ലോ?”

“അവിടെയെല്ലാരും സുഖമായിരിക്കുന്നു. അമ്മ വേഗം ചോറു വിളമ്പ്.”

ഇയ്യോബ് വേഗം വരാന്തയിലേക്കുചെന്ന് കിണ്ടിയിൽനിന്നു വെള്ളമെടുത്തു മുഖം കഴുകി. എന്നിട്ട് മത്തായിയെ വിളിച്ചു:

“ചേട്ടാ വാ. ചോറുണ്ണാം.”

ഊണുമേശയ്ക്കരികിൽ ചെന്നപ്പോൾ ആണ്ടമ്മ പ്ലേറ്റിൽ രണ്ടാൾക്കും ചൂടുചോറു വിളമ്പി.

“കറിയൊക്കെ തയ്യാറായി വരുന്നതേയൊള്ളൂ. ഞാൻ കടുമാങ്ങ അച്ചാറെടുക്കാം. അല്ലെങ്കില് ഉപ്പുമാങ്ങ എടുത്തോണ്ടു വരാം.”

അമ്മയെ തടസ്സപ്പെടുത്തിക്കൊണ്ട് ഇയ്യോബ് പറഞ്ഞു:

‘‘ഇതൊക്കെ മതിയമ്മേ. ഞങ്ങക്ക് വക്കീലിലെ കണ്ടതിനു ശേഷം ഇന്നുതന്നെ കുട്ടിക്കാനത്തിനു പോണം. തിരികെ വരുമ്പോ ഞങ്ങള് അതുവഴി അങ്ങു പോകും.”

മാങ്ങാക്കറി ചോറിലൊഴിച്ച് കുഴച്ചുകൊണ്ട് ഇയ്യോബ് തിടുക്കംകൂട്ടി.

ഇയ്യോബ് പെട്ടെന്ന് ഊണുമതിയാക്കി എണീറ്റു.

“ചേട്ടൻ സാവകാശമിരുന്നു കഴിച്ചാട്ടെ. ഞാൻ കൊണ്ടുപോകാനുള്ള ബാഗെടുത്തു വരട്ടെ.”

ഇയ്യോബ് തന്റെ മുറിയിലേക്കു തിടുക്കത്തിൽ നടന്നു.

അയാൾ ആധാരങ്ങൾ അടുക്കിയ തോൽബാഗിന്റെ രണ്ടാമത്തെ അറയിൽ ജോൺ മിൽട്ടൺ സായ്‌വിനു കൊടുക്കാനുള്ള പണമെടുത്തുവച്ചു.

ബാഗെടുത്തു വന്നപ്പോഴേക്കും ഡ്രൈവർ മത്തായി പൂമുഖത്ത് എത്തിയിരുന്നു. അയാൾ ഭവ്യതയോടെ വന്ന് ഇയ്യോബിന്റെ കൈയിൽനിന്നു ബാഗ് വാങ്ങി.

“ഇയ്യോബേ! മോനേ! സൂക്ഷിച്ചു പോണേ.”

“ഒവ്വ് അമ്മേ.” നടക്കല്ലിറങ്ങുമ്പോൾ ഇയ്യോബ് അമ്മയെ ആശ്വസിപ്പിച്ചു.

“അമ്മ പേടിക്കേണ്ട. മത്തായിച്ചേട്ടൻ സൂക്ഷിച്ചാ വണ്ടിയോടിക്കണത്.”

ഇയ്യോബ് അമ്മയ്ക്കു സ്തുതിചൊല്ലി അനുഗ്രഹം വാങ്ങി. അമ്മ മകന്റെ തലയിൽ കൈവച്ചു പ്രാർഥിച്ചു. ജോൺ വക്കീലിന്റെ നാട്ടിലേക്കുള്ള യാത്രയിൽ ഇയ്യോബ് ഒന്നു മയങ്ങി. ഡ്രൈവർ മത്തായി തികഞ്ഞ ശ്രദ്ധയോടെ വണ്ടിയോടിച്ചു.

ജോൺ വക്കീലിന്റെ ഗേറ്റിലെത്തിയപ്പോഴാണ് ഇയ്യോബ് ഉണർന്നത്; അതും മത്തായി വിളിച്ചപ്പോൾ.

‘‘സാറേ, നമ്മള് വക്കീൽ സാറിന്റെ ബംഗ്ലാവിലെത്തി.”

ഇയ്യോബ് തോൽബാഗിൽനിന്ന് ആധാരങ്ങൾ പുറത്തെടുത്തു മേശപ്പുറത്തുവയ്ക്കുമ്പോൾ ജോൺ വക്കീൽ പറഞ്ഞു:



“ഞാനീ ആധാരങ്ങളൊക്കെന്നു പഠിക്കട്ടെ. കോടതീല് കേസു വിളിക്കുന്ന തീയതി അഞ്ചലാപ്പീസുവഴി കോടതി അറിയിക്കും. ഇനി അധികം വൈകാൻ വഴിയില്ല.”

ജോൺ വക്കീൽ പ്രമാണങ്ങൾ നോക്കുന്നതിനിടയിൽ വിശദീകരിച്ചു.

“വക്കീൽസാറു സഹായിക്കണം. പണമെത്രയായാലും പ്രശ്നമല്ല. കേസ് നമുക്കു ജയിക്കണം.”

“ഞാൻ ഫയൽ പഠിക്കട്ടെ. നമുക്ക് വസ്തുതകൾ നിരത്തി കേസ് വാദിക്കാം. ഈ കേസില് നമ്മള് ജയിക്കും. ഇയ്യോബിന് ഭയപ്പാടുവേണ്ട.”

ജോൺ വക്കീൽ ഇയ്യോബിനെ ആശ്വസിപ്പിച്ചു.

“ഞങ്ങളിറങ്ങുന്നു, വക്കീൽ സാറേ.

ഇതുവഴി കുട്ടിക്കാനത്തുകൂടി പോകണം.’’ ഇയ്യോബ് വക്കീലിനുനേരേ കൈകൂപ്പി. അയാൾ ചെന്നു കാറിൽ കയറി. കാർ സ്റ്റാർട്ടായി.

കുട്ടിക്കാനത്ത് ജോൺ മിൽട്ടന്റെ ബംഗ്ലാവിലെത്തുമ്പോൾ സായ്‌വ് അവിടെ ഉണ്ടായിരുന്നില്ല. സായാഹ്നസൂര്യന്റെ രശ്മികളേറ്റ് ലോണിലെ ഒരു ചെയറിൽ ഇരിക്കുകയായിരുന്നു, എലിസ മിൽട്ടൺ. പതിവുപോലെ അവരുടെ മടിയിൽ ആ സുന്ദരിപ്പൂച്ചയും.

ഇയ്യോബിനെ കണ്ടമാത്രയിൽ എലിസ മിൽട്ടൺ അറിയിച്ചു:

“ഹി ഈസ് നോട്ട് ഹിയർ. ഹി ഇസ് ഇൻ ദി ക്ലബ്.”

ജോൺ മിൽട്ടൺ പീരുമേട്ടിലെ ക്ലബിൽ സായാഹ്നം ആഘോഷിക്കാൻ പോയിരിക്കുന്നു. മദാമ്മയ്ക്കു നന്ദി പറഞ്ഞ് ഇയ്യോബ് വണ്ടിയിൽ കയറി. പീരുമേട്ടിലെ ക്ലബിലേക്കു വണ്ടി വിടാൻ മത്തായിക്കു നിർദേശം നല്കി.

ആകാശം തെളിഞ്ഞിരുന്നു. പടിഞ്ഞാറൻമലകൾക്കപ്പുറത്ത് സായാഹ്നസൂര്യൻ പ്രകാശം പരത്തുന്നു. ചുവപ്പുരാശിയിൽ വെൺമേഘങ്ങൾ ഒരു മനോഹരമായ പെയിന്റിങ്പോലെ തിളങ്ങി. മഞ്ഞുമേഘങ്ങൾ താഴ്‌വരയിൽമാത്രം ഒഴുകിനടന്നു.

പീരുമേട്ടിലെ ക്ലബ് യൂറോപ്യൻമാർക്കുമാത്രം അംഗത്വം നൽകുന്ന ക്ലബാണ്. പക്ഷേ, കാഞ്ഞിരപ്പള്ളിയിലെയും കുട്ടിക്കാനത്തെയും പീരുമേട്ടിലെയും ചില പ്ലാന്റർമാർക്ക് അവിടെ ഗസ്റ്റ് ഫീ നല്കി പ്രവേശനം അനുവദിക്കും. അല്ലാത്തപക്ഷം ഏതെങ്കിലും സായിപ്പിന്റെ ഗസ്റ്റ് ആയി എത്തണം.

ക്ലബിന്റെ പാർക്കിങ് ഏരിയായിൽ ജോൺ മിൽട്ടൺ സായ്‌വിന്റെ ഡോഡ്ജ് കാർ പാർക്ക് ചെയ്തിരിക്കുന്നത് മത്തായിയുടെ ശ്രദ്ധയിൽപ്പെട്ടു.

“മിൽട്ടൻ സായ്‌വിന്റെ കാർ അതാ കെടക്കണു.”

ഡ്രൈവർ മത്തായി വിരൽ ചൂണ്ടി.

ഇയ്യോബ് കാറിൽനിന്നിറങ്ങി.

അയാൾ ക്ലബിലെ ഒരു പരിചാരകനോടു വിവരം പറഞ്ഞു. തന്റെ പേര് ഒരു കടലാസിൽ കുറിച്ചും കൊടുത്തു. പരിചാരകൻ അകത്തു പോയി ഏതാനും മിനിറ്റുകൾക്കുള്ളിൽ മിൽട്ടൺ സായ്‌വ് ഇറങ്ങിവന്നു.

“ഹലോ മിസ്റ്റർ ഇയ്യോബ്. വെൽകം ടൂ മൈ ടേബിൾ.”

സായ്‌വ് ഇയ്യോബിനു ഹസ്തദാനം ചെയ്ത് അകത്തേക്ക് ആനയിച്ചു.

‘‘കം വിത്ത് മി മിസ്റ്റർ ഇയ്യോബ്.”

സായ്‌വ് കൗണ്ടറിലെ രജിസ്റ്ററിൽ ഗെസ്റ്റ് കോളത്തിൽ ഇയ്യോബിന്റെ പേരെഴുതി. ഇപ്പോൾ താൻ മിൽട്ടൺസായ്‌വിന്റെ അതിഥിയാണ്.

“പ്ലീസ് കം ഇയ്യോബ്.”

സായ്‌വ് തന്റെ ടേബിളിലേക്ക് ഇയ്യോബിനെ കൂട്ടിക്കൊണ്ടുപോയി.

സായ്‌വിന്റെ ടേബിളിൽ എത്തിയപ്പോൾ ഒരു പരിചാരകൻ ഉപചാരപൂർവം ഓടിയെത്തി.

സായ്‌വ് രണ്ടു വിസ്കിക്ക് ഓർഡർ കൊടുത്തു. പരിചാരകൻ ട്രേയിൽ വിസ്കി ഒഴിച്ച രണ്ടു ഗ്ലാസുകൾ കൊണ്ടുവന്നു വച്ചു. എന്നിട്ട് അകലം പാലിച്ചു ഭവ്യതയോടെ നിന്നു.

ഇയ്യോബ് ഒന്നു സിപ്പ് ചെയ്ത് ഗ്ലാസ് മേശയിൽ വച്ചു. സായ്‌വ് തന്റെ ഗ്ലാസിലെ മദ്യം ഒറ്റവലിക്ക് അകത്താക്കി.

ഇയ്യോബ് തന്റെ ദൗത്യം അവതരിപ്പിച്ചു.

“സായ്‌വ് പറഞ്ഞ വിലയ്ക്ക് കാർ വാങ്ങാൻ തയ്യാറാണ്.”

“ഗുഡ് ലക്ക് മിസ്റ്റർ ഇയ്യോബ്. യൂ ആർ വെൽകം.”

ഡിന്നർ കഴിഞ്ഞ് സായ്‌വിന്റെ കാറിലാണ് ഇയ്യോബ് കയറിയത്. ഡ്രൈവർ മത്തായി അവരെ പിന്തുടർന്നു.

അവർ മിൽട്ടൺ സായ്‌വിന്റെ ബംഗ്ലാവിലെത്തുമ്പോൾ പതിനൊന്നുമണി കഴിഞ്ഞിരുന്നു.

“ഗുഡ്നൈറ്റ് മിസ്റ്റർ ഇയ്യോബ്.’’ ഇയ്യോബിനു ഗസ്റ്റ് റൂം കാണിച്ചുകൊടുത്തിട്ട് മിൽട്ടൺ സായ്‌വ് വീണ്ടും അറിയിച്ചു:

“നാളെ രാവിലെ നമ്മള് മർഫി സായ്‌വിനെ കാണാൻ പോകുന്നു, മിസ്റ്റർ ഇയ്യോബ്.”

അയാൾ വീണ്ടും ഹസ്തദാനം ചെയ്തു.

ഇയ്യോബ് തന്റെ കിടക്കയിലേക്കു ചെരിഞ്ഞു. കമ്പിളിപ്പുതപ്പിന്റെ ചെറുചൂടിൽ കിടന്നെങ്കിലും അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല.

സമ്മിശ്രവികാരങ്ങൾ അയാളെ കീഴടക്കിയിരുന്നു. അയാളെപ്പോലെ ഉറങ്ങാതിരുന്ന ഏതോ രാപ്പക്ഷി അകലെയെവിടെയോ ഇരുന്ന കരയുന്ന ശബ്ദം അയാളുടെ ശ്രവണപുടങ്ങൾ തിരിച്ചറിഞ്ഞു.

രാവിലെ മർഫി സായ്‌വിനെ വിളിച്ച് അപ്പോയിന്റ്മെന്റ് എടുത്ത് മിൽട്ടൺ സായ്‌വും ഇയ്യോബും പുറപ്പെട്ടു.

പ്രവിശാലമായ ഓഫീസിലെത്തി അവർ അദ്ദേഹത്തെ കണ്ടു.

“മിസ്റ്റർ ഇയ്യോബ് തരകൻ. എ പ്ലാന്റർ ആൻഡ് ലാൻഡ് ലോർഡ്.”

മിൽട്ടൺ സായ്‌വ് ഇയ്യോബിനെ പരിചയപ്പെടുത്തി.

മർഫി സായ്‌വ് തന്റെ വട്ടക്കണ്ണടയിലൂടെ ഇയ്യോബിനെ സസൂക്ഷ്മം വീക്ഷിച്ചു. ഊർജസ്വലനായ ചെറുപ്പക്കാരൻ. അയാൾ മനസ്സിൽ കരുതി.

“ടാപ്പിങ്ങിനു തയ്യാറായ 500 ഏക്കർ വീതമുള്ള രണ്ട് എസ്റ്റേറ്റുകൾ ഇപ്പോൾ വില്പനയ്ക്കുണ്ട്. ഇയ്യോബിനു വേണമെങ്കിൽ വാങ്ങാം.’’ മർഫി സായ്‌വ് അതിന്റെ വിലയും പറഞ്ഞു.

ഇയ്യോബും മിൽട്ടൺ സായ്‌വും മുഖത്തോടു മുഖം നോക്കി. അവ രണ്ടും വാങ്ങാനുള്ള പണം തന്റെ കൈവശമുണ്ട്. ഇനി വില പേശലാണു വേണ്ടത്.

അടുത്തുതന്നെ വരാം എന്ന ഉറപ്പിൽ മർഫി സായ്‌വിന് ഹസ്തദാനം ചെയ്ത് അവർ മടങ്ങി.

*(തുടരും)*




**ഒക്ടോബർ 8**
**ഏലിയാ സ്ലീവാ മൂശ**
**ആറാം ഞായർ**

നിയ 10:12–20
ഏശ 33:2–10
1 കോറി 14:26–33 a
മത്താ 18:1–9



# സ്വർഗരാജ്യത്തിലെ വലിയവൻ



ഫാ. ഡോ. ജോസഫ്
കരികുളം

**താ**ൻ ഒരുക്കിയിരിക്കുന്ന രക്ഷയിലേക്കു നിരന്തരം മനുഷ്യനെ വിളിക്കുന്ന ദൈവമാണ് നമ്മുടേത്. ഈശോമിശിഹായിൽ, അവിടുത്തെ കുരിശുമരണത്തിലും ഉത്ഥാനത്തിലുമാണ്, ആ രക്ഷ പൂർണമായും നാം അനുഭവിക്കുന്നത്. ആ രക്ഷയിലേക്കാണ് നിയമവും പ്രവാചകന്മാരും ഇസ്രായേൽ ജനത്തെ നയിക്കുന്നത്. ഈശോമിശിഹായിൽ പൂർത്തിയാകുന്ന രക്ഷ ജനത്തിനു മനസ്സിലാകാതെ പോയതുകൊണ്ട് പുതിയ ഇസ്രായേലായ സഭ രൂപപ്പെടുന്നു. രക്ഷ കരഗതമാകണമെങ്കിൽ സഭാമക്കളും ദൈവത്തോടു ചേർന്നുനിൽക്കണം. അതിനായി അനുസരണം, ദൈവഭക്തി, ശിശുസഹജമായ എളിമ, ദൈവികസമാധാനം എന്നിവ ഉണ്ടായിരിക്കണമെന്നു നമ്മെ ഓർമിപ്പിക്കുന്നതാണ് ഇന്നത്തെ വായനകൾ.

നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള ഒന്നാം വായന (നിയമാ. 10:12–20) ദൈവത്തെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുന്നു. ഇസ്രായേലിന്റെ ദൈവമായ കർത്താവ് അവരോട് ആവശ്യപ്പെടുന്നത് തന്നെ പൂർണമായി അനുസരിക്കാൻമാത്രമാണ് (10:12, 13). കർത്താവ് ജനത്തിനു കല്പനകളും ചട്ടങ്ങളും നൽകിയിരിക്കുന്നത് ജനത്തിന്റെ നന്മയ്ക്കായാണ് (10:13). ഈ തിരിച്ചറിവിൽനിന്നുവേണം അനുസരണം ഉണ്ടാകാൻ. ദൈവത്തെ അനുസരിക്കുന്നതു നന്മയുണ്ടാകാൻ കാരണമാകും എന്ന അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ അനുസരണം എന്ന പുണ്യം ഭാരമാകാതെ സന്തോഷം നൽകുന്ന ജീവിതഭാവമാകും.

അനുസരണം ഉണ്ടാകേണ്ടതിന്റെ മറ്റൊരു കാരണം 'ഭൂമിയും അവയിലുള്ള സമസ്തവും ദൈവമായ കർത്താവിന്റേതാണ് എന്നുള്ളതാണ്' (10:14). ഈ ഭൂമിയിൽ പ്രതീക്ഷകൾക്കപ്പുറം വളരാനുള്ള കഴിവ് മനുഷ്യനുണ്ടെങ്കിലും, ആ കഴിവുപോലും ദൈവദാനമാണെന്നു തിരിച്ചറിയുന്നവൻ ഭാഗ്യവാൻ! സർവശക്തനായ ദൈവം സ്രഷ്ടാവും പരിപാലകനുമാണെന്നു തിരിച്ചറിയാത്തതുകൊണ്ട് തന്റെ അഹംഭാവത്തിന്റെ മൂർധന്യത്തിൽ മനുഷ്യൻ ദൈവത്തെ തള്ളിപ്പറയുന്നു. അത് തന്റെ ധനത്തിന്റെയോ അറിവിന്റെയോ അധികാരത്തിന്റെയോ അഹംഭാവമാകാം. പക്ഷേ, ഇവയെല്ലാം ദൈവത്തിന്റെ ദാനംമാത്രമാണെന്നും ദൈവം ഇവയുടെയൊക്കെ മുകളിൽ നിൽക്കുന്ന നിതാന്ത സത്യമാണെന്നുമുള്ള തിരിച്ചറിവ് ദൈവത്തിൽ ബലമുള്ളവരായി എപ്പോഴുമായിരിക്കാൻ നമ്മെ സഹായിക്കും.

പ്രവാസകാലത്തു ജനത്തിനുണ്ടാകുന്ന തിരിച്ചറിവുകളാണ് രണ്ടാം വായനയുടെ (ഏശ. 33:2–10) ഇതിവൃത്തം. ദൈവത്തിന്റെ വാക്കുകൾകേട്ട്, അവൻ ചെയ്ത അദ്ഭുത പ്രവൃത്തികളുടെ ഫലം അനുഭവിച്ച ജനം ആ ദൈവത്തോടു ചേർന്നുനിൽക്കാതെ വരുമ്പോൾ ദൈവത്തിൽനിന്ന് അകറ്റപ്പെടുന്നു. അത് അവരുടെ പ്രവൃത്തിയുടെ സ്വാഭാവികമായ ഫലമാണ്. വീണ്ടും ദൈവത്തോട് അനുരഞ്ജനപ്പെടേണ്ടതിന്റെ ആവശ്യകത ജനത്തിനു ബോധ്യപ്പെടുന്നു. ആ ബോധ്യമാണ് പ്രഘോഷിക്കപ്പെടുന്നത്. "കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ" (33:2).

ദൈവത്തിൽനിന്ന് അവരനുഭവിച്ച സ്നേഹവും കരുതലും സുരക്ഷയുമൊക്കെ അവർ വീണ്ടും ഓർക്കുന്നു. "അവിടുന്നാണ് നിന്റെ ആയുസ്സിന്റെ ഉറപ്പ്" (33:6a). ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും വലിയ സമ്പത്ത് ദൈവഭക്തിയാണെന്നും (33:6c) ധനമോ അധികാരമോ അറിവോ അല്ലെന്നും ജനം തിരിച്ചറിയുന്നു.

ദൈവവുമായി യഥാർഥ ബന്ധത്തിൽ ആയിരിക്കുന്ന സ്ഥലമാണല്ലോ സ്വർഗം അഥവാ ദൈവരാജ്യം. ആ ദൈവരാജ്യത്തിലെ വലിയവൻ ആരാണെന്നാണ് ശിഷ്യന്മാരുടെ ചോദ്യം (മത്താ. 18:1–9). ഈ തർക്കത്തിന് രണ്ടുത്തരങ്ങളാണ് ഈശോ നൽകുന്നത്. ആരാണ് വലിയവനെന്നും ആരാണ് വലിയവൻ അല്ലാത്തവൻ എന്നും ഈശോ വിശദീകരിക്കുന്നുണ്ട്.

സ്വർഗരാജ്യത്തെ വലിയവൻ സ്വയം ചെറുതാകുന്നവനാണ്: അതും ശിശുക്കളെപ്പോലെ ചെറുതാകണം; വലുപ്പത്തിലല്ല, മനോഭാവത്തിൽ! ശിശുവിന്റെ മനോഭാവം പിതാവിലുള്ള ആശ്രയത്വമാണ്. താൻ ഒന്നിനും പ്രാപ്തനല്ലെന്നും എന്നാൽ, തനിക്കുവേണ്ടി തന്റെ സ്നേഹധനനായ പിതാവ് എല്ലാം ഒരുക്കുമെന്നും ശിശുവിനറിയാം. അതിനാൽ, അവൻ പിതാവിന്റെ ഏതു വാക്കു കേൾക്കാനും തയ്യാറാണ്. സ്വർഗത്തിൽ ആയിരിക്കുന്ന ഏതൊരാളും ഈ ദൈവാശ്രയബോധം ഭൂമിയിലേ ഓർത്തവരും പാലിച്ചവരുമാണ്.

ശിശുക്കളുടെ വലിയൊരു പ്രത്യേകത സ്വന്തം പിതാവിനെ തിരിച്ചറിയാനുള്ള അവരുടെ കഴിവാണ്. എത്രനാൾ അകന്നിരുന്നാലും അവർ തമ്മിലുള്ള ജൈവബന്ധം സ്വന്തം പിതാവിനെ കാണുമ്പോൾ അവനെ സന്തോഷമുള്ളവനാക്കും. ദൈവപിതാവിന്റെ മക്കളായ നമുക്കും ഇതേ മനോഭാവം ഉണ്ടാകണമെന്ന് ഈശോ ആഗ്രഹിക്കുന്നു.

സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയാതെ പുറം തള്ളപ്പെടുന്നവൻ ആരാണെന്നും ഈശോ പറയുന്നുണ്ട്. ദൈവാശ്രയബോധത്തിൽ ജീവിക്കുന്ന സാധാരണ മനുഷ്യരെ വഴിതെറ്റിക്കുന്നവൻ ദുഷ്ടനാണ് (18:6). എത്ര കഠിന പാപികളോടും ക്ഷമിക്കുന്ന ഈശോയുടെ സ്വഭാവം മാറി രൂക്ഷമായ രീതിയിലാകുന്നത് ഇത്തരക്കാരെ ഉദ്ദേശിച്ചു സംസാരിക്കുമ്പോളാണ്. അതിനാൽ, ശിശു പിതാവിനോടെന്നപോലെ ദൈവാശ്രയബോധം ആർജിക്കുകമാത്രമല്ല, സഹോദരനെ അതിലേക്കു ക്ഷണിക്കുകകൂടി വേണം.

ആത്മീയമനുഷ്യർ ഇപ്രകാരം ദൈവാശ്രയബോധത്തിൽ ആയിരുന്നുകൊണ്ട് ആത്മീയ കാര്യങ്ങൾ നിവർത്തിക്കേണ്ടവരാണെന്ന് വി. പൗലോസ്ശ്ലീഹായും സൂചിപ്പിക്കുന്നു (1കോറി. 14:26–33). പക്ഷേ, ദൈവികമായ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനം ഒന്നുമാത്രമേയുള്ളൂ; ദൈവികസമാധാനം. അപ്പോൾ, വീണ്ടും ശിശുക്കളിലേക്കു പോകേണ്ടിവരും. യാതൊരു മനഃക്ഷോഭവുമില്ലാതെ ഒരു ശിശു ഉറങ്ങുന്നത് അവന്റെ അമ്മയുടെ കൈകളിലായിരിക്കുമ്പോളാണ്. മാതൃനിർവിശേഷമായ ഈ ദൈവികഭാവം മക്കളായ നമുക്കും ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഒച്ചപ്പാടുകളിലും കോലാഹലങ്ങളിലും ദൈവം പ്രസാദിക്കുന്നു എന്ന വിചാരത്തോടെ പ്രവർത്തിക്കുന്ന ചില ആത്മീയസാഹചര്യങ്ങളെ മാറ്റിയെഴുതാൻ സമാധാനത്തിന്റെ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ**



ഒരു വിശ്വാസി

Deepanalam Weekly
RNI No : 16998/68
Vol. 56 No. 30 Date of Publication 28 Sept 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

70
Years of Printing

Experience the state-of-the-art printing at Pala's First & Finest printing press.

MULTI-COLOUR OFFSET PRINTING & CTP • DIGITAL LASER PRINTING • SCREEN PRINTING • POSTER DESIGNING • BINDING • LAMINATION

PALA, KOTTAYAM DT., KERALA - PIN 686575 +91 9496 613 275

St. Thomas Press, Pala
*Established:* 1953

OVERSEAS EDUCATION SERVICES

Study & Work

Canada
Australia
Germany
UK, Ireland
New Zealand
USA, Europe Etc.

Free Recruitment for Nurses
UK, Ireland, Germany



NAIPUNNYA INTERNATIONAL
ST. THOMAS PRESS BUILDING, PALA, PIN - 686 575
7012931465, 04822201546
pala@naipunnyaint.com

Head office
Ernakulam: 944 633 99 66
0484 2381947/ 8

Other Branches
*Kaloor : 954 491 91 44*
*0484 2534849*
*Thrikkakara : 954 491 91 33*
*Angamaly : 954 491 91 55*

NAIPUNNNYA ACADEMY
KALOOR, THRIKKAKARA
Civil Service, KAS, Bank Coaching
UGC- NET, Entrance Coaching
All other Competitive exams
Kaloor – 9544919144, 0484 2534849
Thrikkakara – 9544919133

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org